ഉത്തരം

(എ&ബി) ഉണ്ട്. അങ്കണവാടി പ്രവർത്തകരുടെ നിയമനം സംബന്ധിച്ച നിലവിലുള്ള രീതി ചുവടെ ചേർക്കുന്നു :

1. സ്ഥലംമാറ്റം വഴിയുള്ള നിയമനം (24-11-2010-ലെ സ.ഉ.(എംഎസ്.) നമ്പർ 82/2010/സാക്ഷേവ)

2. അർഹതയുള്ള അങ്കണവാടി ഹെൽപ്പർമാരിൽനിന്നും വർക്കറായുള്ള പ്രൊമോഷൻ (7-10-2010-ലെ സ.ഉ.(എംഎസ്.)നമ്പർ 73/2010/സാക്ഷേവ)

3. 31-10-2010-വരെയുള്ള കാലയളവിൽ 6 മാസത്തെ സേവന ദൈർഘ്യമുള്ള അങ്കണവാടി പ്രവർത്തകരുടെ സ്ഥിരനിയമനം (10-11-2010-ലെ സ.ഉ. (എംഎസ്.)നമ്പർ 79/2010/സാക്ഷേവ)

4. പെൻഷൻ പറ്റിയ അങ്കണവാടി പ്രവർത്തകരുടെ കരാർ വ്യവസ്ഥയുടെ നിയമനം (7-10-2010-ലെ സ.ഉ.(എംഎസ്.)നമ്പർ 73/2010/സാക്ഷേവ)

മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലെ നിയമനം**

**90 (1818)** ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകളിലേക്ക് ഇപ്പോൾ പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ ഇത് എന്നാണ് നിലവിൽ വന്നത് ; എത്രപേരാണ് മെയിൻ, സപ്ലിമെന്ററി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകളിലേക്ക് അങ്കണവാടി വർക്കർമാർക്ക് എത്ര ശതമാനം ഒഴിവുകളാണ് സംവരണം ചെയ്തിട്ടുള്ളത് ;

(ഡി) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ എത്ര ഒഴിവുകളാണ് മേൽപ്പറഞ്ഞ ലിസ്റ്റ് നിലവിൽ വന്നതിനുശേഷം നികത്തിയിട്ടുള്ളത് എന്നും ഇതിൽ ഈ റാങ്ക് ലിസ്റ്റിൽനിന്നും. എത്രപേരെ നിയമിച്ചു എന്നും വ്യക്തമാക്കുമോ ;

(ഇ) ഈ നിയമനങ്ങളിൽ വർക്കർമാർക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ള അനുപാതം കൃത്യമായി പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) സൂപ്പർവൈസർ തസ്തികയിലെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട് ; ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ജി) കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന എത്രപേരെ സൂപ്പർവൈസർമാരായി സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിൽ അംഗൻവാടി വർക്കർമാർക്കായി സംവരണംചെയ്ത ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) ലിസ്റ്റ് 24-6-2010-ൽ നിലവിൽവന്നു. മെയിൻ ലിസ്റ്റിൽ 821 പേരും സപ്ലിമെന്ററി ലിസ്റ്റിൽ 348 പേരും ഉൾപ്പെട്ടിട്ടുണ്ട്.

(സി) 29% ഒഴിവുകൾ.

(ഡി) 205 പേരെ നിയമിച്ചു.

(ഇ) ടി റാങ്ക് ലിസ്റ്റ് അംഗൻവാടി വർക്കർമാർക്ക് മാത്രമായി സംവരണം ചെയ്യപ്പെട്ടിട്ടുള്ളതാണ്.

(എഫ്) ജനറൽ വിഭാഗത്തിന് അർഹതപ്പെട്ട 52 ഒഴിവുകൾ നിലവിലുണ്ട്. ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ജി) 59 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

**സാമൂഹ്യക്ഷേമവകുപ്പിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ**

**91 (1819)** പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാരായി കരാർ വ്യവസ്ഥയിൽ ജോലിചെയ്ത എത്രപേർക്ക് ഈ സർക്കാരിന്റെ കാലത്ത് സ്ഥിരനിയമനം നൽകിയിട്ടുണ്ട് ;

(ബി) ഈ കാലയളവിലെ ഒഴിവുകളുടെ എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവോ ;

(സി) കരാർ അടിസ്ഥാനത്തിൽ ജോലിചെയ്ത്, സ്ഥിര നിയമനം ലഭ്യമായവരുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 59 പേർക്ക് സ്ഥിരനിയമനം നൽകി.

(ബി) പ്രസ്തുത കാലയളവിലെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സ്ഥിരനിയമനം ലഭ്യമായവരുടെ ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്.*

**ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിയമനം**

**92 (1820)** ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവന്ന അടിസ്ഥാനയോഗ്യത ഇല്ലാത്തവരെ സ്ഥിരപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യവസ്ഥകൾ എന്തെന്ന് അറിയിക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.